**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 6567 08.11.2016 - ൽ മറുപടിയ്ക്ക്

**മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ**

ചോദ്യം
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.പി.കെ.ബഷീർ
ശ്രീ. പി.ഉബൈദുള്ള
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം സംഭവങ്ങളിൽ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) വഴി അന്വേഷണം നടത്തി സ്ഥാപന പരമായ സംരക്ഷണം ആവശ്യമുള്ള വരെ ഗവൺമെന്റ് വൃദ്ധസദനങ്ങ ളിലോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളിലോ പാർപ്പിക്കാറുണ്ട്. മക്കളിൽ നിന്ന് ജീവനാംശം ആവശ്യമുള്ള മാതാപിതാക്കൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) മുഖേന മെയിന്റനൻസ് ട്രൈബ്യൂണലു കളിൽ കേസ് ഫയൽ ചെയ്യുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (സി) | പ്രസ്തുത ആക്ട് പ്രകാരം ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോ | (സി) | മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം |

| | | | |
|---|---|---|---|
| | എന്നു പരിശോധിക്കാൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | | 2007-ലെ വകുപ്പ് 7 പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും, വകുപ്പ് 15 പ്രകാരം ട്രൈബ്യൂണലുകളിലെ ഉത്തരവു കളിന്മേൽ അപ്പീൽ നല്കുന്നതിനായി ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ വിമുഖത കാണി ക്കുന്നവർക്കെതിരെ ജില്ലാ സാമൂഹ്യ നീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) മുഖേന പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**